


# തെളിമ

## ഡിജിറ്റൽ മാഗസിൻ-2019

### എസ്.എൻ.ഡി.പി.എച്ച്.എസ്.മുട്ടത്തുകോണം



# അവനവനാത്മസുഖത്തിന്നാചരിക്കുന്നവ
# അപരന്സുഖത്തിന്നായി വരേണം

**ഉള്ളടക്കം**


സന്ദേശം

എഡിറ്റോറിയൽ

ചിന്നവും ചിപ്പനും

പഴഞ്ചൊല്ലുകൾ

അച്ഛന്റെ ഓർമകൾ

പ്രളയത്തിന്റെ നേർകാഴ്ചകൾ

ഗ്രാമഭംഗികൾ

കളിവള്ളം

ഇംഗ്ലിഷ് കോർണർ

നന്ദി



ഡിജ്റ്റൽ ഇൻഡ്യ സ്വപ്നം യാധാർതഥ്യമാക്കാനുള്ള നമ്മുടെ ഗവർമെന്റുകളുടെ ശ്രമത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ ലിറ്റിൽ കൈറ്റിലെ കുട്ടികൾ തയ്യാറാക്കിയ തെളിമ ഡിജിറ്റൽ മാസികക്ക് എല്ലാഭാവുകങ്ങളും നേരുന്നു

ഹെഡ്മിസ്ട്രസ്

ജയശ്രീ.ബി.എസ്



# എഡിറ്റോറിയൽ

ഞങ്ങൾക്കൊപ്പം നിന്ന എല്ലാവർക്കും നന്ദിപ്രകൃതി അനനുഗ്രഹിച്ച് നല്കിയ നമ്മുടെ സ്വന്തം നാട്.വൈവിധ്യം നിറഞ്ഞ ഭാഷ സംസ്കാരം ദൈവത്തിന്റ സ്വന്തം നാടായ നമുക്ക് മാത്രം
ഈ മാഗസിനായി ഞങ്ങൾക്കൊപ്പം നിന്ന എല്ലാവർക്കും നന്ദിപ്രകൃതി അനനുഗ്രഹിച്ച് നല്കിയ നമ്മുടെ സ്വന്തം നാട്.വൈവിധ്യം നിറഞ്ഞ ഭാഷ സംസ്കാരം ദൈവത്തിന്റ സ്വന്തം നാടായ നമുക്ക് മാത്രം

അബിൻ.പി.എസ്

(എഡിറ്റർ)

ഈനൂററാണ്ട് കണ്ട മഹാപ്രളയത്തെ നാം ഒറ്റ കെട്ടായി നേരിട്ടു.ഭയത്തിന്റെയും ,ആകുലതയുടെയും വിത്തുകൾ പാകിയ നിപ വൈറസിനെ നാം നിർഭയംനേരിട്ടു.ലേകത്തിന്റെ മുൻപിൽ നമ്മുടെ കേരളം അതിജീവനത്തിന് പുത്തൻ സന്ദേശം നല്കി.

മഹാപ്രളയത്തിൽ നാം ഒന്നാണെന്നുംദുരിതാശ്വാസ ക്യാമ്പു കളിലേക്ക് കേരളജനത ഒന്നാകെ കൈമെയ് മറന്ന് പ്രവർത്തന നിരതരായത് നാം കണ്ടു. പൊതുവിദ്യാലങ്ങൾ മാറ്റത്തിന്റെ  കാലചക്രത്തിന്റെ തേരിൽ കുതിക്കുമ്പോൾ ലിറ്റിൽ  കൈറ്റിലൂടെ നമ്മുടെ കുരുന്നുകൾ  അറിവിന്റെ
വിഹായുസ്സിൽ ഉയർന്ന് പറക്കുന്നത് കാണുമ്പോൾ അവരെ  ഉന്നതിയിലേക്ക് നയിച്ചതിൽ നമുക്കഭിമാനിക്കാം

ആർ.ബിന്ദു(കൈറ്റ് മിസ്ട്രസ്)

# ചീന്നവും ചീപ്പനും



അളകാ.ആർ
8A

ചിന്നൻ കുതീരയും ചീപ്പൻ കഴുതയും കാട്ടുപാതയീൽ കണ്ടുമുട്ടി.ചിന്നൻ അതിമനോഹരമായ ഒരു വണ്ടിവലിച്ചുകൊണ്ടിരുന്ന അതേസമയത്ത് ചിപ്പന്റെ പുറത്ത് ഒരുകെട്ട് വിറകാണ് ഉണ്ടായീരുന്നത്.

കുറെ നേരം രണ്ടുപേരും മിണ്ടാതെ നടന്നു.ചിപ്പനാണ് ആദ്യം സംസാരിച്ചത്. കുതിരച്ചേട്ടാ നിങ്ങളുടെ വണ്ടി കാണാൻ നല്ലഭംഗി ഉണ്ടല്ലോ , ചേട്ടൻ ഒരുപാട് ദൂരെനിന്നാണോവരുന്നത് ? ചിപ്പന്റെ ചോദ്യം കേട്ട് തെല്ലൊരു ഗമയിൽ തലയുയർത്തിപ്പിടിച്ച കൊണ്ടു ചിന്നൻപറഞ്ഞു ചെങ്ങാതി, ഈവണ്ടിയിലുള്ള രണ്ട് പെട്ടി നിറയെ സ്വർണ്ണനാണയങ്ങളാ ഞാൻ അന്തസുള്ള പണികളെ ചെയ്യാറുള്ളൂ നിന്നെപോലെ തരംതാമ പണിയെടുക്കാൻ എന്നെ കിട്ടില്ല.

ചിപ്പൻ പറഞ്ഞു എന്റെയജമാനൻ നല്ലവനാ അദ്ദേഹം എനിക്ക് വയറുനിറയെ നല്ല ഭക്ഷണംതരും. അപ്പോൾ കാട്ടിൽ ഒളിച്ചിരുന്ന ഒരുപറ്റം കൊള്ളക്കാർ കുതിരവണ്ടിയുടെ അടുത്തേക്ക്പാഞ്ഞടുത്തു എന്താണ് നടക്കാൻ പോകുന്നത് എന്നറിയാൻ ചിപ്പൻ വഴിയോരത്ത് പതുങ്ങിനിന്നു.ചിപ്പൻ ഓടി രക്ഷപെടാൻ ശ്രമിച്ചു.പെട്ടന്ന് കൊള്ളക്കാർ ചിന്നന്റെ കചിഞ്ഞാണിൽ കയറിപിടിച്ചിട്ട് വലിയവടിയെടുത്ത് അവനെ പൊതിരെ തല്ലി അടികൊണ്ട ചിന്നൻ സ്വർണ്ണ നാണയം അടങ്ങിയ പെട്ടിയുമായി കാട്ടിലേക്ക് വേഗമോടി രക്ഷപെട്ടു. തളർന്ന് വീണ ചിന്നൻ എഴുന്നേൽക്കാൻ എത്ര ശ്രമിച്ചിട്ടും കഴിഞ്ഞില്ല

ഇതുകണ്ട ചിപ്പൻ സഹതാപത്തോടെ ചോദിച്ച " ചങ്ങാതി സഹായിക്കണോ?"

എറെ പ്രയാസമുണ്ടായിട്ടും ദുരഭിമാനംവിടാതെ ചിമന്നൻ പരഞ്ഞു ''വേണ്ട കൂട്ടുകാരാ''

എന്തായാലും ചങ്ങാതി ഭാഗ്യവാനാ അതുകൊണ്ടല്ലേ നിന്നെ അവർ ഉപദ്രവിക്കാതിരുന്നത്

കൊള്ളാം എന്നെ അവർ തല്ലാതിരുന്നത് എന്റെ കയ്യിൽ വിലപിടിപ്പുള്ളതൊന്നും ഇല്ലാത്തതുകൊണ്ടാ .

എന്നെപ്പോലെ വിലകുറഞ്ഞ ജോലി ചേട്ടൻ ചെയ്തിരുന്നെങ്കിൽ കൊള്ളക്കാർ ഉപദ്രവിക്കില്ലായിരുന്നു

ചിപ്പന്റെ മുള്ളുള്ള വാക്ക് കേട്ട് ഒന്നും മിണ്ടാനാവാതെ ചിന്നൻ തലതാഴ്ത്തി നിന്നു

# പഴഞ്ചൊല്ലുകൾ

അണ്ണാരക്കണ്ണനും തന്നാലായത്

വടികൊടുത്തടിവാങ്ങുക

കടിച്ചതുമില്ല പിടിച്ചതുമില്ല

അറിയാത്ത പിള്ള ചൊറിയുമ്പോളറിയും

മിന്നുന്നതെല്ലാം പൊന്നല്ല

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

മടിയൻ മലചുമക്കും

കാക്കും തൻക്‌ഞ്ഞ് പൊൻകുഞ്ഞ്

ഇരുന്നിട്ടേ കാല് നീട്ടാവൂ

ലക്ഷ്മി.ജി

൧.എ

# <u>അച്ഛന്റെ ഓർമ്മകൾ</u>

അന്നും അപ്പുവിന്റെ മനസ്സിൽ ശൂന്യത മാത്രമായിരുന്നു  നാല് വർഷങ്ങൾക്കുമുമ്പ് അപ്പുവിന്റെ അച്ഛൻ വിദേശത്തേക്ക് പോയിരുന്നു.അച്ഛനുമായുള്ളസൗഹൃദവും അച്ഛന്റെ സ്നേഹവും അപ്പുവിന് മറ്റ് കുട്ടികൾക്ക് കിട്ടിയപോലെ അത്രയൊന്നും കിട്ടിയില്ല. അപ്പുവിന്റെ വീട്ടിൽ അമ്മയും പ്രായമായമുത്തശ്ശിയും മാത്രമാണ് ഉള്ളത് .അപ്പു ഒറ്റക്കാണ് സ്കൂളിൽ പോകുന്നത് .അവന്റെ ക്ലാസ്സിലെ കുട്ടികളുടെ അച്ഛന്മാരായിരുക്കും മിക്കദിവസങ്ങളിലും സ്കൂളിൽ കൊണ്ടുവിടുന്നത്.അങ്ങനെ അവനും ആഗ്രഹിച്ചു എന്റെ അച്ഛനും എന്നെയും ഒരുദിവസം സ്കൂളിൽ കൊണ്ടുവിടണം എന്ന്.എന്നും അവൻ അമ്മയോട് അച്ഛനെകുറിച്ച് തിരക്കുമായിരുന്നു അച്ഛന്റെ കുടുതൽ കൂടുതൽ കാര്യങ്ങൾ അറിയാൻ അമ്മയോട് അവൻ ചോദിക്കുമായിരുന്നു .ഓരോരോദിവസവും അവന്റെ മനസ്സിലെ അഗ്രഹം അച്ഛനും അമ്മയുമൊത്ത് ഒരു ദിവസം സന്തോഷപൂർവം ചിലവഴിക്കണമെന്നായിരുന്നു.

അപ്പുവിന്റെ പിറനാൾ എത്തി ഇപ്പൊൾ അവന് പതിമൂന്ന് വയസ്സായി ഒൻപതാമത്തെ  പിറനാൾ കഴിഞ്ഞ് വിദേശത്ത് പോയ തന്റെഅച്ഛനെ അവൻ അനസാനമായി കണ്ടത്.തന്റെ പിറന്നാളിന് അച്ഛൻ വലിയ ഒരു കാർ ആണ് സമ്മാനമായി നൽകിയിരുമ്മത്.എന്നാൽ ഈ മൂന്ന് വർഷമായി  അപ്പുവിന് ഇച്ഛന്റെ വകയായി പിറന്നാൾ സമ്മാനങ്ങൾ  ഒന്നും ലഭിച്ചില്ല. പിറന്നാൾ ദിവസം അച്ഛൻ അയക്കാറുള്ള കത്തുകൾ അപ്പു സൂക്ഷിച്ചു വയ്ക്കുമായിരുന്നു. അതെല്ലാമവൻ രാവിലെ അമ്പലത്തിൽ പോയിട്ട് വന്ന് ഉമ്മറത്തിരുന്ന് വായിക്കുമായിരുന്നു. അതിനിടെ പിറന്നാൾ സദ്യക്ക് വേണ്ടി അവൻ വാശി പിടിക്കുകയും ചെയ്തു.

അപ്പോൾ  ഒരു ഫോൺ കോൾ അത് പോലീസ് സ്റ്റേഷനിൽനിന്നായിരുന്നു,അമ്മയായിരുന്നു ഫോൺ എടുത്തത് അമ്മയുടെ കരച്ചിൽകേട്ടാണ്  അപ്പു ഓടി എത്തിയത്.അമ്മ ഒന്നും പറയാതെ ഇരിക്കുന്നു. വീട്ടുമുറഅറ്റത്ത് ആളുകൾ കടന്നു വരുന്നു അൽപ സമയത്തിന് ശേഷം ഒരു അംബുലൻസ് വന്നത് തന്റെ അച്ഛന്റെ ചേതനയറ്റ ശരീരവുമായായാണെന്ന് അവൻ അറിഞ്ഞു.നിലവിളിച്ചുകൊണ്ട് അവനും അമ്മയും ഓടിചെന്നു

അവന്റെ അച്ഛൻ ഇനിയും ഒരിക്കലും തിരിച്ചുവരില്ലന്ന് ഓർത്തപ്പോൾ അപ്പുവിന്റെ മനസ്സിൽ ശൂന്യതമാത്രം.

## 2018 ആഗസ്റ്റ്18 മലയാളികൾ മറക്കാത്ത ദിനം.മഹാപ്രളയം സർവ്വതും എടുത്ത ദിനങ്ങൾ.











# എനിക്കും എന്റെ തലമുറയ്ക്കും

# നഷ്ടമായ ഗ്രാമഭംഗി



# കളിവള്ളം



പാർവതി എസ്
10A

മഴകാത്തു, കളിവള്ളവുമായി നിന്നു.
മഴ പെയ്യുമെന്നെന്നമ്മ ചൊല്ലി, പിന്നെ
പത്രത്തിലെല്ലാമതുണ്ടെന്നത്രേ!

കാത്തു നിന്നിട്ടും നീയെന്തേ,വന്നില്ല?
കളിവള്ളവും ഞാനുമേകരായി
ഒരു നാളു ഞാനെന്റെ വീടിന്റെ മുറ്റത്തു
പെട്ടന്നൊരു മാരുതനെന്നെ തഴുകി,
തലോടി, ദൂരേക്കു നീങ്ങി.

കരിമേഘമാകാശമാകെ വിഴുങ്ങി
കാറ്റതിനേയുമേന്തി  അകലേക്കു പോയി
കേട്ടു ഞാനൊരിരമ്പലിൻ ധ്വനി
പിന്നെ ചെറുതിള്ളികളിറ്റു വീണു.

കളിവള്ളവുമായി ഞാൻ പൂമുഖത്തെത്തിയെൻ
കളിവള്ളം മുറ്റത്തൊഴുക്കി വിട്ടു
മഴകണ്ടു മതിയാവോളം ഞാൻ
മഴ കൊണ്ടു ആവതിലേറെയോളം

സമയത്തിൻ താളുകൾ അടറ് ന്നു വീണു
ദിവസങ്ങളായ്, പിന്നെ ആഴ്ചകളായ്
മഴയിനിയും കരഞ്ഞു തീർന്നില്ല
പെയ്തു പെയ്തു കനത്തു തിമർക്കുന്നു

ഒരു പുലരിയുണർന്നു നോക്കുമ്പോളെൻ
വീട്ടിലും വെള്ളം കടന്നിരുന്നു

പ്രളയം! പ്രളയമെന്നാരോ മൊഴിയുന്നു
പ്രളയമതെന്തെന്നറിവില്ലെനിക്ക്

ആരോ വന്നു മുട്ടിയെൻ വാതിലിൽ
വള്ളവുമായി, അറിയാത്തവരാരോ!
ഞങ്ങളും കയറിയാതോണിയിൽ, പിന്നീട്-
യാത്രയായെങ്ങോട്ടെന്നറിഞ്ഞിടാതെ

മഴയിനിയും കരഞ്ഞു തീർന്നില്ല
കണ്ണീരുകൊണ്ടീ നാട്ടു നിറയുന്നു
മരങ്ങൾ ,ചെടികളെന്നില്ലവയെല്ലാം
മറിഞ്ഞു താഴെക്കിടന്നു കേഴുന്നു

ഒടുവിൽ   ഞങ്ങളെത്തി, എവിടെയോ
ആളുകളേറെയുള്ളൊരു പൂമുഖത്തിൽ
മഴതന്നെ മഴ പെയ്തു കനക്കുന്നു
തീരാതെ തോരാതെ പെയ്തിറങ്ങുന്നു

പെട്ടന്നുടക്കിയെൻ കണ്ണിലെന്തോ,
ചെന്നു ഞാനതിൻ ചാരത്തേക്ക്
ഒരുനാള്ള ഞാനെന്റെ മുറ്റത്തൊഴുക്കിയ
കളിവള്ളമാണതെൻ "കളിവള്ളം"

# English corner

## THE ALCHEMIST

### A review



**PARVATHY S**
**10B**

**Dreams are made to be followed .Life is meant to be lived . Some books are meant to be read,loved and passed on. The Alchemist is one of those books.This book is written by Brazilizn author Paulo Coelho. This is the story of Santiago a shepherd boy,who dreams to travel the world and to discover treasures. The alchemist follows Santiago's journey to acheive his dream.**

**On the way he meets different people.In his journey he meets an old man,who is theking of Salem.The king said him to sell his sheep so as to travel to Egypt and introduce the idea of a personal legend.**

**Then he met an English man who comes in search of an Alchemist.Santiago continues his travel with him. He also met a woman named Fathima.He loved her.At last he found the alchemist who plays a major role in this story. He taught him many things about the world.**

**Santiago finds one treasure,all humans seek at some point in our life-true love. Also once again the auther brings up theidea that true love doesn't stop you from following your path if ,if it is true love.In every way the novel gives us a great message.**

**The book gives us a wonderful experience throughout our reading.We place ourselves with the character Santiago and we can enjoy a different world.It is an unforgettable story about the essential wisdom of listening to our heart and above all following our dreams.**

## നന്ദിയോടെ

